(ഇ) തുടർ വിദ്യാ കേന്ദ്രങ്ങളിലെ പ്രേരക്/അസിസ്റ്റന്റ് പ്രേരക് മാർക്ക് ഒന്ന് മുതൽ എട്ട് മാസം വരെ ഓണറേറിയം കുടിശ്ശികയുണ്ട്. ദേശീയ സാക്ഷരതാ മിഷനിൽ നിന്ന് അടുത്ത ഗഡു ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഇത് കൊടുത്തുതീർക്കുന്നതാണ്.

'സമന്വയം' പരിപാടി

81 (2945) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യത്തിന് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

'സമന്വയം' എന്ന പരിപാടി നടത്തിപ്പിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഇന്ത്യയ്ക്കകത്തും കേരളത്തിനു പുറത്തുമുള്ള മറുനാടൻ മലയാളികളുടെ ബഹുമുഖ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും അവരുടെ ക്ഷേമം ലക്ഷ്യമാക്കി കൂടുതൽ നടപടികൾക്ക് രൂപം നൽകാനുമാണ് സമന്വയം പരിപാടി സംഘടിപ്പിക്കുന്നത്.

പി. ആർ. ഡി. പ്രസിദ്ധീകരണങ്ങളുടെ അച്ചടി

82 (2946) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ആർ.ഡി.-യുടെ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നത് ഏതെല്ലാം സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലായി 2001-2002 സാമ്പത്തിക വർഷത്തിൽ എത്ര തുകയുടെ അച്ചടി ജോലികളാണ് ചെയ്തിട്ടുള്ളത് ;

(സി) സ്വകാര്യ പ്രസ്സുകളിൽ അച്ചടി ജോലികൾ ഏൽപ്പിക്കാറുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപയുടെ അച്ചടി ജോലികളാണ് പ്രസ്തുത സ്ഥാപനങ്ങളിൽ ചെയ്തിട്ടുള്ളത് ;

(ഇ) സർക്കാർ സ്ഥാപനങ്ങളിലെയും സ്വകാര്യ സ്ഥാപനങ്ങളിലെയും പ്രിന്റിംഗ് നിരക്കിൽ വ്യത്യാസമുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ വ്യത്യാസം എത്രയാണ് ;

(ജി) സർക്കാർ, അർദ്ധസർക്കാർ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ ഓരോന്നിലേയും നിരക്കുകൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പി.ആർ.ഡി.-യുടെ പ്രതിമാസ പ്രസിദ്ധീകരണങ്ങൾ 2002 ഒക്ടോബർ മുതൽ സ്വകാര്യ സ്ഥാപനങ്ങളിലാണ് അച്ചടിച്ച് വരുന്നത്.

(ബി) 2002 ഒക്ടോബർ മുതൽ 2003 മാർച്ച് വരെ സ്വകാര്യ സ്ഥാപനങ്ങളിൽ അച്ചടിച്ചതിന് 10.78 ലക്ഷം രൂപ ചെലവായിട്ടുണ്ട്. മറ്റു പ്രസിദ്ധീകരണങ്ങൾ സർക്കാർ പ്രസ്സിലും അർദ്ധ സർക്കാർ സ്ഥാപനമായ കെ.എസ്.എ.വി.ആർ.സി.-യിലുമാണ്.

(സി) 2002-03 സാമ്പത്തിക വർഷത്തിൽ പ്രതിമാസ പ്രസിദ്ധീകരണങ്ങൾ അക്ഷര ഓഫ്സെറ്റ്/സെന്റ് ജോസഫ് പ്രസ്സ് എന്നീ സ്വകാര്യ പ്രസ്സുകളിലാണ് അച്ചടിച്ചിട്ടുള്ളത്. 2003-04 സാമ്പത്തിക വർഷത്തിൽ പ്രസ്തുത അച്ചടി അക്ഷര ഓഫ് സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിട്ടുള്ളത്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൊത്തം 12.647 ലക്ഷം രൂപയുടെ അച്ചടി ജോലികളാണ് പ്രസ്തുത സ്ഥാപനങ്ങളിൽ ചെയ്യിച്ചിട്ടുള്ളത്.

(ഇ&എഫ്) സർക്കാർ പ്രസ്സുകളിൽ അച്ചടിക്കുന്നതിന് അച്ചടിക്കൂലി നൽകാറില്ല. അതിനാൽ നിരക്ക് കണക്കാക്കിയിട്ടില്ല.

(ജി) അർദ്ധ സർക്കാർ സ്ഥാപനത്തിലെ അച്ചടി നിരക്ക് പ്രസിദ്ധീകരണത്തിന്റെ പേജിന്റെയും മേന്മയുടെയും അടിസ്ഥാനത്തിൽ മാറുന്നതാണ്. സ്വകാര്യസ്ഥാപനമായ അക്ഷര ഓഫ് സെറ്റ് തിരുവനന്തപുരം പി.ആർ.ഡി.-യുടെ പ്രതിമാസ പ്രസിദ്ധീകരണങ്ങൾ അച്ചടിച്ച് നൽകുന്ന ഏറ്റവും പുതിയ നിരക്ക് താഴെ കാണിച്ചിരിക്കുന്നു.

1.	ജനപഥം	ആകെ കോപ്പി (15000)-	ഒരു കോപ്പി5.60 രൂപ
2.	കേരള കാളിംഗ്	ആകെ കോപ്പി (7500)-	ഒരു കോപ്പി5.00 രൂപ
3.	വികസന സമന്വയം	ആകെ കോപ്പി (17000)-	ഒരു കോപ്പി3.10 രൂപ
4.	കേരള ഇന്റർഫെയ്സ്	ആകെ കോപ്പി (5000)-	ഒരു കോപ്പി4.20 രൂപ

അശ്ലീല സാഹിത്യവും ബ്ലാക്ക് മെയിലിംഗും തടയാൻ നടപടി

83 (2947) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചില പ്രസിദ്ധീകരണങ്ങളിലൂടെ വ്യക്തികളെ തേജോവധം ചെയ്ത് കഥകൾ എഴുതിപ്പിടിച്ച് പണം സമ്പാദിക്കുന്ന പ്രവണതയും അശ്ലീല സാഹിത്യപ്രചരണവും വർദ്ധിച്ചു വരുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വ്യവസായത്തെ ഇല്ലാതാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly